പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2843 **28-10-2026-ൽ മറുപടിയ്ക്ക്**

മത്സ്യബന്ധന വകുപ്പിന്റെ താനൂരിലെ വിവിധ പ്രവൃത്തികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. നവാസ് ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) മത്സ്യബന്ധന വകുപ്പ് താനൂർ മണ്ഡലത്തിൽ നടപ്പാക്കി വരുന്ന വിവിധ പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ;

മറുപടി: താനൂർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ **അനുബന്ധം 1** ആയി ചേർക്കുന്നു.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ/ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം-2** ആയി ചേർക്കുന്നു.

സാഫ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ **അനുബന്ധം 3** ആയി ചേർക്കുന്നു.

മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

താനൂർ മണ്ഡലത്തിൽ താനൂർ ഹാർബറിൽ മത്സ്യഫെഡ് ഡീസൽ ബങ്ക് നിർമ്മാണ പ്രവൃത്തിക്കായി ഇ- ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട അനുബന്ധ പ്രവൃത്തികൾ ഓയിൽ കമ്പനി പൂർത്തിയാക്കിയിട്ടുണ്ട്.

മത്സ്യബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ **അനുബന്ധം 4** ആയി ചേർക്കുന്നു.

(ബി) സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി താനൂർ മത്സ്യബന്ധന തുറമുഖത്ത് ഫ്ലോട്ടിംഗ് ജെട്ടികളുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണത്തിനായി ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ച പ്രപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

മറുപടി: ഏഴ ഹാർബറുകളിൽ ഫ്ലോട്ടിംഗ് ജെട്ടിയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണത്തിനായി ഐ.ഐ.ടി ചെന്നൈ തയ്യാറാക്കിയ പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ 117.52 കോടി രൂപയുടെ പ്രൊപ്പോസലിന് കേന്ദ്ര സർക്കാരിന്റെ തത്വത്തിലുള്ള അംഗീകാരം ലഭ്യമായിരുന്നു. ആയതിൽ താനൂർ മത്സ്യബന്ധന തുറമുഖത്തിനുള്ള 19.40 കോടി രൂപയുടെ പ്രൊപ്പോസൽ കൂടി ഉൾപ്പെട്ടിരുന്നു. ഫ്ലോട്ടിംഗ് ജെട്ടി, ഹാർബർ ബേസിനിന്റെ ആഴംകൂട്ടൽ, പാർക്കിംഗ് ഏരിയ & ലേലഹാൾ, ഇന്റേണൽ റോഡ് തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുത്തി കേന്ദ്ര

സർക്കാരിന്റെ 19.39 കോടി രൂപയുടെ പ്രൊവിഷണൽ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ എല്ലാ സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസുകളും ലഭ്യമാക്കി ടെൻഡറിംഗിന് സജ്ജമാകുമ്പോൾ സാഗർമാല സെല്ലിനെ അറിയിക്കുന്ന മുറയ്ക്ക് പദ്ധതിക്ക് അംഗീകാരം നൽകുന്നതാണ് എന്നുള്ള പ്രൊവിഷണൽ ഭരണാനുമതിയിലെ നിർദ്ദേശ പ്രകാരം ഹാർബർ ബേസിനിന്റെ ആഴം കൂട്ടുന്ന പ്രവൃത്തിക്കായി സാങ്കേതികാനുമതി നൽകുകയും ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാകുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ കേന്ദ്ര സർക്കാരിന്റെ സാഗർമാല സെല്ലിന് കത്ത് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ അംഗീകാരം ലഭ്യമാകുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിൽ പ്രൊപോസൽ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസലിന്മേൽ താനൂർ ഫിഷിംഗ് ഹാർബർ പദ്ധതികൾക്ക് 90% കേന്ദ്ര ധനസഹായം അനുവദിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ തത്വത്തിലുള്ള അംഗീകാരം ലഭ്യമായതിനുശേഷം ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ നിർദേശം നൽകിയിട്ടുണ്ട്.

(സി) ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (എഫ്.ഐ.ഡി.എഫ്) പദ്ധതിയിൽ ഉൾപ്പെടുത്തി താനൂർ ഹാർബറിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ടു സർക്കാരിൽ സമർപ്പിച്ച പ്രപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>മറുപടി:</u> എഫ്.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി താനൂർ ഹാർബറിലെ അടിസ്ഥാന വികസന പ്രവൃത്തികൾക്കായി ലേല ഹാൾ, പാർക്കിംഗ് ഏരിയ, ഫിംഗർ ജെട്ടി, ഇന്റേണൽ റോഡ്, ലോ-ലെവൽ വാർഫ്, റിക്ലമേഷൻ ബണ്ട്, ഹാർബർ ബേസിനിന്റെ ആഴം കൂട്ടൽ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി 39.10 കോടി രൂപയുടെ പദ്ധതി രൂപരേഖ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസലിന്മേൽ നിർദ്ദിഷ്ട പദ്ധതികൾക്ക് പ്ലാൻ വിഹിതത്തിൽ നിന്ന് ഭരണാനുമതി ഇതിനകം ലഭിച്ചിട്ടുണ്ടോ എന്നും, ലഭിച്ചിട്ടുണ്ടെങ്കിൽ, FIDF പ്രകാരം ഇപ്പോൾ സമർപ്പിച്ചിട്ടുള്ള DPR-കളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും ഘടകങ്ങൾ പ്രസ്തുത ഭരണാനുമതിയിൽ ഉൾപ്പെട്ടവയുടെ ആവർത്തനമാണോ എന്നും അടിയന്തിരമായി അറിയിക്കുവാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം–1

I. മാതൃകാ മത്സ്യഗ്രാമം

1. Construction of Rehabilitation Center cum Community Centre

കോളം വർക്ക് പൂർത്തിയായി, മേൽക്കൂരയിലെ സ്ലാബ് കോൺക്രീറ്റ് പൂർത്തിയായി. ബഹു: താനൂർ എം.എൽ.എ. യുടെ നിർദ്ദേശപ്രകാരം അധികമായി ഒരു നിലയുടെയും, മേൽക്കൂരയുടെയും പ്രവർത്തി അന്തിമ തീരുമാനമാക്കേണ്ടതുണ്ട്.

2. Construction of Model Disaster Resilient Houses

മൂന്ന് ഭവനങ്ങളുടെ മേൽക്കൂര കോൺക്രീറ്റ് പൂർത്തീകരിച്ചു

3. Installation of Cold Storage Facility

നിർമ്മാണം പൂർത്തിയായി, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പൂർത്തിയാവുകയും വൈദ്യുതി കണക്ഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താവ് ലൈറ്റ്, CCTV എന്നിവ സ്ഥാപിച്ച് നൽകണം എന്ന ആവശ്യം ഫിഷറീസ് ഡയറക്ടർ പരിശോധിച്ചു വരുന്നു.

4. Fish Processing Kiosk

നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി വാഹന രജിസ്ട്രേഷൻ, ഇൻഷുറൻസ്, പെർമിറ്റ് എന്നിവ ലഭിക്കാനുണ്ട്.

5. Establishment of Seafood Cafeteria / Fish Product Outlet For Fisherwomen Empowerment– പ്രവർത്തിച്ചു വരുന്നു.

6. Rehabilitation and Reconstruction of Fishermen Dwellings of Tanur Fishing Villages

21 ഗുണഭോക്താക്കളുമായി എഗ്രിമെന്റ് വെച്ചു. അതിലെ 15 ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡു തുക അനുവദിച്ചു ബാക്കിയുള്ള 5 ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡു തുക KSCADC യിൽ നിന്നു അനുവദിക്കാനുണ്ട്. 15 ഗുണഭോക്താക്കളുടെ കൂടി DLC അംഗീകാരം 17/09/2026 ന് നടന്നു. ടി ഗുണഭോക്താക്കൾക്ക് പദ്ധതി മാർഗ്ഗരേഖ വിശദീകരണം 15/10/2026 ന് നടന്നു.

7. Establishment of Aquarium Cum Rearing Unit

ഘടനാപരമായ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. അക്വേറിയം എയറേഷൻ സിസ്റ്റം, മറ്റ് ഉപകരണങ്ങൾ എന്നിവ വിദഗ്ധ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ KSCADC സ്ഥാപിക്കേണ്ടതായുണ്ട്

8. Establishment of OBM Repair Centre

ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട് സിവിൽ, പ്ലമ്പിങ്ങ്, ഇലക്ട്രിക്കൽ ജോലികൾ പൂർത്തീകരിക്കാനുണ്ട്.

II. പുനർഗേഹം

താനൂർ നിയോജമണ്ഡലത്തിൽ വരുന്ന വിവിധ മത്സ്യഗ്രാമങ്ങളിൽ

1) DLAC അംഗീകരിച്ച ആളുകളുടെ എണ്ണം – 113
2) മാറി താമസിക്കാൻ സമ്മതം പറഞ്ഞത്–70
3) ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിച്ചത്–26
4) ഫ്ലാറ്റിലേക്ക് മാറിയത്–6

5) ഭവന നിർമ്മാണം പൂർത്തീകരിച്ച് മാറി താമസിച്ചവർ – 14
6) ഭവന നിർമ്മാണം പുരോഗമിക്കുന്നവർ – 12

III. ഫിഷർമെൻ ഉന്നതി പുനരുദ്ധാരണം 2023–24 (3 ഗുണഭോക്താക്കൾ)

ഉന്നതിയുടെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	എഗ്രിമെന്റിൽ ഏർപ്പെട്ടവരുടെ എണ്ണം	ഒന്നാം ഘട്ടം പൂർത്തീകരിച്ചവർ	രണ്ടാം ഘട്ടം പൂർത്തീകരിച്ചവർ	മൂന്നാം ഘട്ടം പൂർത്തീകരിച്ചവർ
കോർമൻ കടപ്പുറം ഫിഷർമെൻ ഉന്നതി	3	3	2	–	–
പുതിയ കടപ്പുറം ഫിഷർമെൻ ഉന്നതി	6	–	–	–	–
തേവർ കടപ്പുറം ഫിഷർമെൻ ഉന്നതി	4	1	1	1	

IV. മത്സ്യത്തൊഴിലാളികളുടെ ഭവന പുനരുദ്ധാരണം 2026-27 പദ്ധതി
ഗുണഭോക്താക്കളുടെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. കരട് ലിസ്റ്റിൻമേലുള്ള അപ്പീലുകൾ സ്വീകരിച്ച് അപ്പീൽ അന്വേഷണ ഉദ്യോഗസ്ഥർക്ക് കൈമാറി, അപ്പീൽ അപേക്ഷകളിൽ അന്വേഷണം നടന്ന് വരുന്നു.

V.SFMC മുഖേന മത്സ്യത്തൊഴിലാളികൾക്കുള്ള ബോധവൽക്കരണ പരിപാടി തീരോന്നതി അറിവ് -2026
16/10/2026 ന് താനൂർ ഹാർബറിൽ വെച്ചു സംഘടിപ്പിച്ചു.

VI. താനൂർ മത്സ്യഭവൻ പരിധിയിലെ 25 ഇൻബോർഡ് യാനങ്ങൾക്ക് ആക്സസ് പാസ് അനുവദിച്ചു

VII. താനൂർ മത്സ്യഭവൻ പരിധിയിലെ 386 യാനങ്ങൾക്ക് ട്രാൻസ്പോണ്ടർ ഘടിപ്പിച്ചു.

അനുബന്ധം-2

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ/ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ

ക്രമ നം.	പദ്ധതി	അടങ്കൽ തുക (ലക്ഷം)	നിലവിലെ അവസ്ഥ
1.	സി.എച്ച്.സി. താനൂർ പുതിയ ഡയാലിസിസ് സെന്റർ	232.12	സിവിൽ പ്രവൃത്തികൾ 90% പൂർത്തീകരിച്ചു. ഡയാലിസിസ്സ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
2.	ജി ആർ എഫ് ടി എച്ച് എസ് താനൂർ	8.23	പദ്ധതി പൂർത്തീകരിച്ചു

	സ്റ്റെയർകേസ് നിർമ്മാണം		
3.	സംയോജിത ആധുനിക തീരദേശ മത്സ്യഗ്രാമ പദ്ധത്, താനൂർ – പദ്ധതി ഘടകങ്ങൾ		
1.	റീഹാബിലേഷൻ സെന്റർ കം കമ്മ്യൂണിറ്റി സെന്റർ നിർമ്മണം	177.05	ലിന്റൽ/ഷെയ്ഡ് വർക്ക് പുരോഗമിക്കുന്നു
2.	മോഡൽ ഡിസാസ്റ്റർ റസിലിയന്റ് വീടുകളുടെ നിർമ്മാണം	74.60	റൂഫ് സ്ലാബ് നിർമ്മാണം പൂർത്തീകരിച്ചു.
3.	കോൾഡ് സ്റ്റോറേജ് സംവിധനം	30.00	പദ്ധതി പൂർത്തീകരിച്ചു
4.	ഫിഷ് പ്രോസസിംഗ് കിയോസ്ക്	19.82	പദ്ധതി പൂർത്തീകരിച്ചു
5.	സിഫ്ഡ് കഫറ്റേരിയ/ഫിഷ് പ്രോഡക്ട്ട് ഔട്ട് ലൈറ്റ്	44.04	പദ്ധതി പൂർത്തീകരിച്ചു
6.	റീഹാബിലിറ്റേഷൻ ആൻഡ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിഷർമെൻ ഡ്വല്ലിംഗ്സ്	72.00	Beneficiary കൾക്ക് തുക കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
7.	അക്വേറിയം കം റയറിംഗ് യൂണിറ്റ്	168.42	സ്ട്രക് ച്ചറൽ വർക്കുകൾ പൂർത്തീകരിച്ചു
8.	ഒ.ബി.എം. റിപ്പയർ സെന്റർ	18.00	മത്സ്യഫെഡ് മുഖേന സ്ഥാപിക്കുന്നു.
9.	കൃത്രിമപാര് സ്ഥാപിക്കൽ	31.00	പ്രദേശവാസികളുടെ പ്രതിഷേധത്തെ തുടർന്ന് സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല.

അനുബന്ധം–3

സാഫ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

- ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം : 51 മത്സ്യത്തൊഴിലാളി വനിതകൾ ഉൾപ്പെടുന്ന 22 യൂണിറ്റുകൾ ആരംഭിച്ചു. ഇതിൽ 16 യൂണിറ്റുകൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. ഒരു യൂണിറ്റ് പ്രവർത്തിക്കുന്നില്ല. 5 യൂണിറ്റുകൾ ഭാഗികമായും പ്രവർത്തിപ്പിക്കുന്നില്ല. 4 യൂണിറ്റുകൾക്ക് 1.90 ലക്ഷം രൂപ വർക്കിംഗ് ക്യാപിറ്റൽ റിവോൾവിങ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഒരു യൂണിറ്റിന് സാങ്കേതികവിദ്യാ നവീകരണത്തിനും നൂതന ഉപകരണങ്ങൾ വാങ്ങുന്നതിനും ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനും ആയി 20,946 രൂപ നല്കിയിട്ടുണ്ട്.

അനുബന്ധം–4

മത്സ്യബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

മത്സ്യത്തൊഴിലാളികളുടെയും. വിവിധ അനുബന്ധത്തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ക്ഷേമവും ജീവിത സുരക്ഷയും ഉറപ്പാക്കുന്നതിനായി വിവിധ പദ്ധതികൾ സർക്കാർ ധനസഹായത്തോടെയും തനത് ഫണ്ട് വിനിയോഗിച്ചും ബോർഡ് നടപ്പിലാക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. പ്രസ്തുത പദ്ധതികൾ താനൂർ മണ്ഡലത്തിലെ മത്സ്യബോർഡ് അംഗങ്ങൾക്കും ലഭ്യമാകുന്നുണ്ട്.

ക്രമ നം.	പദ്ധതി		ധനസഹായം (രൂപ)
സർക്കാർ സഹായ പദ്ധതികൾ			
1	വാർദ്ധക്യകാല പെൻഷൻ (പ്രതിമാസം)		2,000
2	മത്സ്യത്തൊഴിലാളി വിവിധ പെൻഷൻ (പ്രതിമാസം)		2,000
3	തണൽ പദ്ധതി (പ്രതിവർഷം)		1,350
4	സാന്ത്വനതീരം (തുടർ ചികിത്സ പദ്ധതി)		
	a	ഹൃദ്രോഗം	50,000
	b	വൃക്കരോഗം/ഡയാലിസിസ്	50,000
	c	കരൾരോഗം	20,000
	d	കാൻസർ	50,000
	e	നേത്രരോഗം	10,000
	f	സ്ട്രോക്ക്, തളർവാതം, കിടപ്പുരോഗം	20,000
	g	മത്സ്യബന്ധനവേളയിൽ കൈകാലുകൾ മുറിഞ്ഞു പോകുന്ന അവസ്ഥ (മത്സ്യത്തൊഴിലാളികൾക്ക് മാത്രം)	10,000
	h	മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും മക്കൾക്ക് ഓട്ടിസം ചികിത്സ	20,000
	i	മത്സ്യ/അനുബന്ധത്തൊഴിലാളി വനിതകൾക്ക് ഗർഭാശയ സംബന്ധമായ രോഗം	10,000
5	ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി		
	a	അപകട മരണം	10 ലക്ഷം
	b	മത്സ്യബന്ധനവേളയിൽ അപകടം മൂലം കാണാതാകൽ(മത്സ്യത്തൊഴിലാളികൾക്ക് മാത്രം)	10 ലക്ഷം
	c	സ്ഥിരവും പൂർണ്ണവുമായ അവശത	10 ലക്ഷം
	d	സ്ഥിരവും ഭാഗികവുമായ അവശത	5 ലക്ഷം
	e	അപകട മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം	ഒരു കുട്ടിക്ക് 10,000/- രൂപ (പരമാവധി 20,000/- രൂപ)
	f	അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ ചികിത്സിക്കേണ്ടി വരുന്നവർക്ക് ധനസഹായം	പരമാവധി 50,000/- രൂപ
	g	ശവസംസ്കാര ചെലവ്	2,500/-
ബോർഡ് നടപ്പിലാക്കുന്ന മറ്റ് ക്ഷേമ പദ്ധതികൾ			
6.	മത്സ്യബന്ധന സമയത്തോ, തൊട്ടുപിന്നാലെയോ, മത്സ്യ/അനുബന്ധ തൊഴിൽ ചെയ്തു കൊണ്ടിരിക്കുന്നതിനിടയിലോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം		1,00,000/-
7	പെൺ മക്കൾക്കായ് വിവാഹ ധനസഹായം		25,000/-
8	മത്സ്യത്തൊഴിലാളികളുടെ, അനുബന്ധത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം		2,000/-
9	അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ആശ്വാസ ധനസഹായം		500/-

10	മത്സ്യത്തൊഴിലാളികളുടെ, അനുബന്ധത്തൊഴിലാളികളുടെ മരണത്തോട് അനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായം	15,000/-
11	കുടുംബ സംവിധാന പദ്ധതി	500/-

ക്രമ നം.	പദ്ധതി		ധനസഹായം	
12	മാരകരോഗ ചികിത്സാ ധനസഹായം (ഒറ്റത്തവണ)		മത്സ്യത്തൊഴിലാളി	അനുബന്ധത്തൊഴിലാളി
	a	ഹൃദ്രോഗം	50,000	25,000
	b	വൃക്കരോഗം	50,000	25,000
	c	കാൻസർ	50,000	25,000
	d	തലച്ചോറിലെ ട്യൂമർ	50,000	ഇല്ല
	e	തളർവാതം	12,000	10,000
	f	ചികിത്സിച്ചു ഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം	5,000	10,000
	g	ഗർഭാശയ സംബന്ധമായ രോഗം	ഇല്ല	5,000
13	ബോർഡിന്റെ പ്രത്യേക ധനസഹായം		പരമാവധി 50,000/- രൂപ	
14	ചെയർമാൻസ് റിലീഫ് ഫണ്ട്		പരമാവധി 5,000/- രൂപ	
15	SSLC പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്		പരമാവധി 5,000/- രൂപ	
16	ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി (+2, VHSE)		പരമാവധി 5,000/- രൂപ	
17	കായിക, വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹനം		പരമാവധി 10,000/- രൂപ	
18	പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായം		750 രൂപ	
19	അംഗവൈകല്യമുള്ള തൊഴിലാളികൾക്ക് തൊഴിൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള ധനസഹായം		25,000 രൂപ	
20	പെൻഷണർമാരെ ആദരിക്കുന്നതിനുള്ള പദ്ധതി (ഫിഷറീസ് ഓഫീസുകൾക്ക്)		10,000 രൂപ വീതം	
21	പ്രതിഭകളെ ആദരിക്കുന്ന പദ്ധതി (ജില്ലകൾക്ക്)		40,000	
22	ചെയർമാന്റെ ദുരിതാശ്വാസ നിധി		25,000	
23	ഫിഷറീസ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ		ബോർഡ് തീരുമാന പ്രകാരം	
24	സർക്കാർ മെറിറ്റ് അടിസ്ഥാനത്തിൽ സീറ്റ് ലഭ്യമാകാത്ത അംഗങ്ങളുടെ മക്കൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിനായി ധനസഹായം നൽകുന്ന പദ്ധതി		1,00,000	
25	ക്ഷേമനിധി അംഗത്തിന്റ ഭാര്യക്കോ/ഭർത്താവിനോ മൈനറായ കുട്ടികൾക്കോ മാരകരോഗം സംഭവിച്ചാൽ ചികിത്സാ സഹായം നൽകുന്നതിനുള്ള പദ്ധതി		25,000	
26	ഗ്രന്ഥശാല/വായനശാല നവീകരണം (ഫിഷറീസ് ഓഫീസുകൾക്ക്)		20,000	
27	മത്സ്യബോർഡിന് വേണ്ടി രക്ഷാസേന രൂപീകരിക്കൽ (ഫിഷറീസ് ഓഫീസുകൾക്ക്)		5000	

28	മത്സ്യ. അനുബന്ധത്തൊഴിലാളികൾക്ക് ബോധവൽക്കരണ ക്ലാസ്സ് (ജില്ലകൾക്ക്)	15000
29	മത്സ്യബന്ധന യാനങ്ങൾക്കും ഉപകരണങ്ങൾക്കും നഷ്ടപരിഹാരം	പരമാവധി 1,00,000
30	കായിക, വിനോദ മത്സരത്തിൽ ഉന്നതവിജയം നേടുന്നവർക്ക് തുടർ പരിശീലനത്തിന് ധനസഹായം	50,000
31	അന്താരാഷ്ട്ര കായിക മത്സരത്തിൽ പങ്കെടുക്കുന്നതിന് യാത്രാ ചെലവിനായി ധനസഹായം	1,00,000
32	യൂണിവേഴ്സിറ്റി നടത്തുന്ന ബിരുദ ബിരുദാനന്തര ബിരുദ പരീക്ഷകളിൽ ഒന്ന് രണ്ട് മൂന്ന് റാങ്കുകൾ നേടുന്നവർക്ക് ക്യാഷ് അവാർഡ്	പരമാവധി 10,000 രൂപ
33	ക്ഷേമനിധി അംഗങ്ങൾക്ക് വിരമിക്കൽ ആനുകൂല്യം	അംശാദായമായി അടച്ചിട്ടുള്ള തുകയും പലിശയും (ഏറ്റവും കുറഞ്ഞത് 2500 രൂപ)